**ക്ലാസ്സ് 11**

# മതബോധനകേന്ദ്രം

## മാനന്തവാടി രൂപത

## First Semester Examination 2024-25

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

### പാർട്ട് 1

**ഉത്തരം തെരഞ്ഞെടുത്തെഴുതുക.** 5×1=5

1. പ്രഭാത പ്രാർത്ഥനയുടെ മറ്റൊരു പേര്?
(റംശ, ലെലിയ, സപ്ര)
2. എല്ലാവർക്കും ഒരുപോലെ ബാധകമാകുന്നതും അനുഷ്ഠിക്കാൻ കടമായുള്ളതുമായ നിയമങ്ങൾ?
(സ്വാഭാവിക നിയമങ്ങൾ, ദൈവീകനിയമങ്ങൾ, രാഷ്ട്രനിയമങ്ങൾ)
3. പറുദീസാ എന്തിന്റെ പ്രതീകമാണ് ?
(സ്വർഗ്ഗം, പ്രകൃതി, ശുദ്ധികരണസ്ഥലം)
4. "വിശ്വസിക്കാൻ വേണ്ടി ഞാൻ ഗ്രഹിക്കുന്നു. ഗ്രഹിക്കാൻ വേണ്ടി ഞാൻ വിശ്വസിക്കുന്നു." ആരുടെ വാക്കുകൾ?
(വി.അപ്രേം, വി.അഗസ്റ്റിൻ, വി.ഇഗ്നേഷ്യസ്)
5. ജനുവരി 6-ന് സഭ ആഘോഷിക്കുന്ന തിരുനാൾ
(ഓശാന, ദനഹ, സ്വർഗ്ഗാരോഹണം)

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.** 10×1=10

6. 'ലിറ്റർജി' എന്ന വാക്കിന്റെ അർത്ഥം?
7. കൃപാവരത്തിന്റെ ഫലദായകമായ അടയാളങ്ങളും ഉപാധികളും?
8. പെസഹാ രഹസ്യത്തിന്റെ പ്രഖ്യാപനവും ആഘോഷവും?
9. സഭ ഔദ്യോഗികമായി വിശുദ്ധ ഗ്രന്ഥപുസ്തകങ്ങളുടെ ഗണത്തിൽ പെടുത്താത്ത ഗ്രന്ഥങ്ങൾ?
10. ഈശോയുടെ സ്നേഹത്തിലും നന്മയിലും വളരാൻ സഹായിക്കുന്ന മൂല്യങ്ങൾ അറിയപ്പെടുന്നത്?
11. ക്രിസ്തീയ ജീവിതത്തിന്റെ ആരംഭവും അടിസ്ഥാനവും?
12. 'ചർച്ച് ഓഫ് നേറ്റിവിറ്റി' ഈശോയുടെ ജീവിതത്തിലെ ഏതു സംഭവവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്?
13. ആരിലാണ് ധാർമ്മിക നിയമങ്ങളുടെ പൂർത്തീകരണം?
14. ആരാധനാക്രമത്തിൽ ചൊല്ലുന്ന വിശ്വാസ പ്രമാണം?
15. സഭാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്ന നിയമങ്ങൾ?

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (ഏതെങ്കിലും 7 എണ്ണം)** 7×2=14

16. സുവർണ്ണ നിയമം എന്നറിയപ്പെടുന്ന വചനം?
17. ക്രിസ്തീയ ജീവിതം എന്നതുകൊണ്ട് നിങ്ങൾ എന്തു മനസ്സിലാക്കുന്നു?
18. വിശ്വാസം ഒരേസമയം ദൈവീകവും മാനുഷീകവുമായ പ്രവർത്തിയാണ് വിശദമാക്കുക?
19. ഈശോയെക്കുറിച്ച് ചരിത്രപരമായ തെളിവുകളെ നിങ്ങൾ എങ്ങനെ തരംതിരിക്കും?
20. നിത്യജീവനിൽ ഉള്ള വിശ്വാസം നമ്മെ എന്തിന് പ്രാപ്തരാക്കുന്നു?
21. കൂദാശാനുകരണങ്ങളുടെ ഘടനയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉള്ളത്?
22. ആരാധന എന്നതുകൊണ്ട് നിങ്ങൾ മനസ്സിലാക്കിയ ആശയം എന്ത്?
23. നിങ്ങൾ ചെയ്യുന്ന ഒരു പ്രവർത്തി ധാർമികമാകുന്നത് എപ്പോൾ?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.** 4×4=16

24. ഈശോ ചരിത്ര പുരുഷനാണെന്ന് തെളിയിക്കുവാൻ ഏതൊക്കെ ചരിത്രരചനകൾ പ്രയോജനപ്പെടുത്തും എന്തുകൊണ്ട്?

25. 'യാമ പ്രാർത്ഥനകൾ' എന്നതിനെക്കുറിച്ച് നിങ്ങൾ എന്തു മനസ്സിലാക്കിയിരിക്കുന്നു?

26. നിങ്ങളുടെ വീട്ടിൽ കുടുംബ പ്രാർത്ഥന ചൊല്ലുന്നതിന്റെ പ്രാധാന്യമെന്ത് ?

27. മനഃസാക്ഷി രൂപീകരണം തെറ്റുമോ എങ്ങനെ?

28. ക്രിസ്തീയ ജീവിതം ഒരു ജീവിതശൈലിയാണ്. എങ്ങനെ?

**നോട്ട് കുറിക്കുക.** 1×5=5

29. ദൈവീക നിയമങ്ങളിലെ പുതിയ നിയമം

**വിശദീകരിച്ച് ഉത്തരം എഴുതുക.** 1×10=10

30. ധാർമിക മനഃസാക്ഷി രൂപീകരണം നിങ്ങൾ എങ്ങനെ സാധ്യമാക്കും?

*അല്ലെങ്കിൽ*

31. ക്രിസ്തീയ മനഃസാക്ഷിയുടെ ശൈലിയും മാർഗ്ഗദർശകമായ ഘടകങ്ങളും വിശദീകരിക്കുക.

## പാർട്ട് 2

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 3×1=3

32. ഇടവക എന്ന വാക്കിന്റെ അർത്ഥം?

33. രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ വിശേഷിപ്പിച്ചത്?

34. വി.കുർബാനയെ ദിവ്യകാരുണ്യമെന്ന് വിശേഷിപ്പിച്ചതാര്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.**

35. മറ്റുള്ളവരുടെ പാപങ്ങൾക്ക് നമ്മൾ ഉത്തരവാദികളാണോ? 4

36. ഞാൻ എന്തിന് കൂദാശകൾ സ്വീകരിക്കണം? 3

**ചേരുംപടി ചേർക്കുക.** 3×1=3

37. "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട് അവസാന ദിവസം ഞാൻ അവനെ ഉയർപ്പിക്കും." - യോഹ 5:24

38. "ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്ക് തുറന്നു കിട്ടും." - യോഹ 6:54

39. "സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്." - മത്താ.7/7

**ഉത്തരം എഴുതുക.** 1×7=7

40. വിശ്വാസ പ്രമാണം എഴുതുക.